

കേര
കർഷകരുടെ
പുരോഗതി.
നാടിന്
സമൃദ്ധി.

# ANNUAL REPORT 2023-24

KERAFED®
കേരാഫെഡ്
(A Govt. of Kerala Enterprise)



കേര
കോക്കനട്ട്
മിൽക്ക് പൗഡർ
കേരാഫെഡ് കേര കുടുംബത്തിൽനിന്നും...
KERAFED
കേരാഫെഡ്
(A Govt. of Kerala Enterprise)
An ISO 9001 : 2008 & HACCP 22000 Certified Company
KERA
കേര
coconut milk powder
100g
100% Natural
KERA
Desiccated Coconut
കേരാഫെഡ് കേര കുടുംബത്തിൽനിന്നും...
KERAFED
കേരാഫെഡ്
KERA
കേര
Desiccated Coconut

KERAFED
കേരാഫെഡ്
(A Govt. of Kerala Enterprise)

# 2023-24
# വാർഷിക റിപ്പോർട്ടും വരവ് ചെലവ് കണക്കും

(ആഡിറ്റിന് വിധേയം)




27 -ാ മത് വാർഷിക
പൊതുയോഗം
14-03-2025

കേരള കേരകർഷക സഹകരണ ഫെഡറേഷൻ ക്ലിപ്തം നമ്പർ : 4370
കേര ടവർ, വാട്ടർ വർക്സ് കോമ്പൗണ്ട്, വെള്ളയമ്പലം, തിരുവനന്തപുരം - 33
Tel: 0471-2320504, 2321660, 2326209 Fax: 0471 - 2326298
email: contact@kerafed.com website: www.kerafed.com

# Distribution Network




## Distributors in Kerala 125 Nos.

- Distributor in Mumbai - 1 nos.
- Distributor in Delhi - 1 nos.
- Distributor in Karnataka - 1 nos.
- Distributor in Chennai - 1 nos.



പ്രിയ സഹകാരികളേ,

കേരള കേരകർഷക സഹകരണ ഫെഡറേഷന്റെ (കേരാഫെഡ്) 27-ാമത് വാർഷിക പൊതുയോഗത്തിൽ പങ്കെടുക്കാനെത്തിയ എല്ലാ മാന്യസഹകാരികളേയും ഭരണസമിതിയ്ക്കുവേണ്ടി സഹർഷം സ്വാഗതം ചെയ്യുന്നു. വിവിധങ്ങളായ പ്രവർത്തനങ്ങൾ കൊണ്ട് കഴിഞ്ഞ സാമ്പത്തികവർഷത്തിൽ (2023-24) 7.6 കോടി രൂപയുടെ അറ്റലാഭം നേടാൻ സാധിച്ചു.

2022–23 സാമ്പത്തിക വർഷത്തിലെ ആഡിറ്റ് ഇപ്പോൾ പൂർത്തിയാക്കിയിട്ടുണ്ട്. അതിൻപ്രകാരം ടി കാലയളവിലെ നഷ്ടം 12.339 കോടി രൂപയാണ്. ആഡിറ്റ് പൂർത്തീകരിക്കും മുമ്പ് അവതരിപ്പിച്ച കണക്കുകൾ പ്രകാരം അറ്റനഷ്ടം 3.08 കോടി രൂപയായിരുന്നു. റിപ്പോർട്ട് കാലയളവിലെ (2023-24) കണക്കുകൾ പ്രകാരം 7.6 കോടി രൂപയുടെ (ആഡിറ്റിന് വിധേയം) അറ്റാദായം നേടാൻ കേരാഫെഡിന് കഴിഞ്ഞിട്ടുണ്ട്.

26–ാമത് വാർഷിക പൊതുയോഗം 20/12/2023ന് തിരുവനന്തപുരത്ത് വച്ച് കൂടിയിരുന്നു. സ്ഥാപനത്തിന്റെ പുരോഗതിയെ മുൻനിർത്തി നേരത്തെ ആരംഭിച്ചിരുന്ന പദ്ധതികൾ പൂർത്തിയാക്കാനും, പുതിയ പദ്ധതികൾക്ക് രൂപം നൽകുവാനും ഭരണസമിതി വീണ്ടും ശ്രമങ്ങൾ നടത്തിയിട്ടുണ്ടെന്നത് സന്തോഷപൂർവ്വം അറിയിക്കുന്നു.

കേരാഫെഡിന്റെ ഇരു പ്ലാന്റുകളുടെയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും, പുതിയ പ്ലാന്റുകളുടെ നിർമ്മാണത്തിനുമായി പുതിയ താൽപ്പര്യപത്രം പരസ്യപ്പെടുത്തി നടപടിക്രമങ്ങൾ പാലിച്ച് തെരഞ്ഞെടുക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി M/s WAPCOS Limited, M/s HLL Lifecare Limited എന്നീ സെൻട്രൽ ഗവൺമെന്റ് സ്ഥാപനങ്ങളെ പ്രോജക്റ്റ് മാനേജ്മെന്റ് കൺസൾട്ടൻസിയായി തെരഞ്ഞെടുത്തിട്ടുണ്ട്. ടി സ്ഥാപനങ്ങൾ ഇരു പ്ലാന്റുകളുടെയും ഹെഡ് ഓഫീസിന്റെയും നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതോടൊപ്പം കരുനാഗപ്പള്ളി ഫാക്ടറിയിൽ പുതിയ 200 TPD ഓയിൽ പ്ലാന്റ് സ്ഥാപിക്കുന്നതിനും, നടുവണ്ണൂർ ഫാക്ടറിയിൽ പുതിയ 50 TPD ഓയിൽ പ്ലാന്റ് കൂടി സ്ഥാപിച്ച് 95 TPD ആയി സംസ്ക്കരണശേഷി ഉയർത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

സർക്കാരിന്റെ പുനരുപയോഗ ഊർജ്ജ പദ്ധതിയുമായി യോജിച്ചുകൊണ്ട് സോളാർ സിറ്റി പ്രോജക്ടിന് കീഴിൽ M/s ANERTന്റെ സഹകരണത്തോടെ കേരാഫെഡ് ഹെഡാഫീസിൽ 25 കിലോവാട്ട് സോളാർ പ്ലാന്റ് കമ്മീഷൻ ചെയ്തു. കേരാഫെഡിന്റെ ഇരു ഫാക്ടറികളിലും നിലവിലുള്ള മെഷീനറികളുടെ പ്രവർത്തനക്ഷമത, ജീവനക്കാർക്ക് നൽകിയിട്ടുള്ള പ്രൊഡക്ഷൻ ടാർജറ്റുകൾ, മെറ്റീരിയലുകൾ കൈകാര്യം ചെയ്യുന്ന രീതി എന്നിവ പരിശോധിക്കുന്നതിനായി കേരളാ സ്റ്റേറ്റ് പ്രൊഡക്റ്റിവിറ്റി കൗൺസലിനെക്കൊണ്ട് വർക്ക് സ്റ്റഡി നടത്തിക്കുകയും അവർ പഠനം പൂർത്തീകരിച്ച് സമർപ്പിച്ചിട്ടുള്ള റിപ്പോർട്ട് തൊഴിലാളികളുമായി ചർച്ച ചെയ്ത് നടപ്പിലാക്കുന്നതുമാണ്. തേങ്ങയുടെ വിവിധ മൂല്യവർദ്ധിത ഉല്പന്നങ്ങളായ വിർജിൻ കോക്കനട്ട് ഓയിൽ, കോക്കനട്ട് മിൽക്ക് തുടങ്ങിയവ ഉൽപ്പാദനം തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കേര കർഷകരെ സഹായിക്കുന്നതിനായി വിപണിയിൽ കേരാഫെഡ് ശക്തമായ ഇടപെടൽ നടത്തിയിട്ടുണ്ട്. കൃഷി വകുപ്പിന്റെ കീഴിൽ തുടങ്ങിയിട്ടുള്ള കേരള സർക്കാരിന്റെ അഭിമാന പദ്ധതിയായ പച്ചത്തേങ്ങ സംഭരണം 2023-2024 സാമ്പത്തികവർഷത്തിലും തുടർന്നുവരുന്നുണ്ട്. സർക്കാർ നിശ്ചയിച്ചിട്ടുള്ള പച്ചത്തേങ്ങയുടെ താങ്ങുവിലയിൽ കുറവുള്ള ജില്ലകളായ മലപ്പുറം, പാലക്കാട്, തൃശ്ശൂർ, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ കർഷകരിൽ നിന്നും പച്ചത്തേങ്ങ സംഭരിച്ച് അതിന്റെ വില കർഷകരുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകി വരുന്നു. 2023-24 സാമ്പത്തിക വർഷത്തിൽ കേരാഫെഡ് 42532 കർഷകരിൽ നിന്നും 18873 മെട്രിക് ടൺ പച്ചത്തേങ്ങ സംഭരിക്കുകയും, ആയതിന്റെ വിലയായ 64 കോടി രൂപ കർഷകരുടെ അക്കൗണ്ടിലേയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. പച്ചത്തേങ്ങ സംഭരണത്തിനായി സർക്കാരിൽ നിന്ന് റിപ്പോർട്ട് കാലയളവ് വരെ ആകെ ആറ് കോടി രൂപ കേരാഫെഡിന് ലഭിച്ചിട്ടുണ്ട്. വിലയിടിവ് മൂലം ബുദ്ധിമുട്ടുന്ന കേര കർഷകരെ സഹായിക്കാൻ ഒരു പരിധിവരെ കേരാഫെഡിന് കഴിഞ്ഞിട്ടുണ്ട്. പച്ചത്തേങ്ങ സംഭരണം ഏകോപിപ്പിക്കുന്നതിനായുള്ള മൊബൈൽ ആപ്പ് സംവിധാനം അവസാനഘട്ടത്തിലാണ്.

കേര വെളിച്ചെണ്ണയുടെയും ഉപോൽപ്പന്നങ്ങളുടെയും വിപണനം കഴിഞ്ഞ സാമ്പത്തികവർഷത്തേക്കാൾ റിപ്പോർട്ട് കാലയളവിൽ (2023-24) വർദ്ധിച്ചിട്ടുണ്ട്. ന്യൂഡൽഹിയിൽ നടന്ന ഇന്ത്യാ ഇന്റർനാഷണൽ ട്രേഡ് ഫെയറിൽ മുൻ വർഷങ്ങളിലെ പോലെ കേരാഫെഡിന്റെ സ്റ്റാൾ റിപ്പോർട്ട് കാലയളവിലും ഉൾപ്പെടുത്തുകയും, അതുമൂലം കേര ഉൽപ്പന്നങ്ങളുടെ പ്രശസ്തി അന്യസംസ്ഥാനങ്ങളിലേക്ക് വ്യാപിപ്പിക്കുവാനും കഴിഞ്ഞിട്ടുണ്ട്.

വിപണനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, കോട്ടയം, എറണാകുളം, കോഴിക്കോട്, വയനാട് ജില്ലകളിൽ മാർക്കറ്റിംഗ് ട്രെയിനികളെ നിയമിച്ചിരുന്നു. സ്റ്റോക്ക് പോയിന്റുകളെയും, വിതരണക്കാരെയും ഏകോപിപ്പിക്കുന്നതിനായുള്ള മൊബൈൽ ആപ്പ് തയ്യാറാക്കുന്നതിന്റെ അവസാന ഘട്ടത്തിലാണ്. കേരാഫെഡിന്റെ നിയമനങ്ങൾ പി.എസ്.സിയ്ക്ക് വിട്ടതിന്റെ അടിസ്ഥാനത്തിൽ, അസിസ്റ്റന്റ്, അസിസ്റ്റന്റ് മാനേജർ (എക്സ്റ്റെൻഷൻ & പ്രൊക്യൂർമെന്റ്) എന്നീ തസ്തികകളുടെ നിയമനങ്ങൾക്കുള്ള നടപടികൾ അവസാനഘട്ടത്തിലാണ്. സർക്കാർ നടപ്പിലാക്കിയ പതിനൊന്നാം ശമ്പളപരിഷ്ക്കരണം കേരാഫെഡിൽ നടപ്പിലാക്കി വരുന്നു. സ്ഥിരം ജീവനക്കാരെ കൂടാതെ, കേരാഫെഡിൽ പുതിയതായി ജോലിയിൽ പ്രവേശിച്ച ദിവസവേതന/കരാർ ജീവനക്കാർക്കും ഇ.പി.എഫിൽ അംഗത്വം നൽകിയിട്ടുണ്ട്. കേരാഫെഡിന്റെ എല്ലാ ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം ഫലപ്രദമായി നടപ്പിലാക്കിയിട്ടുണ്ട്. കേരാഫെഡിന്റെ നവീകരിച്ച വെബ്സൈറ്റ് KELTRON മുഖേന ഹോസ്റ്റ് ചെയ്തിട്ടുണ്ട്.

കേരാഫെഡിന്റെ തൊഴിലാളികളും എല്ലാ വിഭാഗം ജീവനക്കാരും സംസ്ഥാന സർക്കാരും ഈ ഭരണസമിതിയ്ക്ക് നൽകിയ പിന്തുണയ്ക്കും സഹകരണത്തിനും സന്തോഷപൂർവ്വം നന്ദി രേഖപ്പെടുത്തുന്നു. ഇനിയുള്ള കാലങ്ങളിലും ടി പിന്തുണയും സഹകരണവും ഉണ്ടാകണമെന്ന് കൂടി അറിയിക്കുന്നു. കൊപ്ര സംഭരണത്തിൽ അംഗസംഘങ്ങളുടെ കൂടുതൽ പങ്കാളിത്തവും സഹകരണവും ഇനിയും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മുന്നോട്ടുള്ള പ്രയാണത്തിൽ എല്ലാ വിഭാഗം അംഗസംഘങ്ങളുടെയും സഹകാരികളുടെയും ആത്മാർത്ഥമായ സഹകരണം ഒരിക്കൽക്കൂടി പ്രതീക്ഷിച്ചുകൊണ്ട്

നന്ദിയോടെ

**വി.ചാമുണ്ണി**
ചെയർമാൻ കേരാഫെഡ്
തിരുവനന്തപുരം



പ്രിയ സഹകാരികളേ,

# പുതുസംരംഭങ്ങൾ

## വളർച്ചയിലേക്കും നവീകരണത്തിലേക്കുമുള്ള ചുവട് വയ്പ്പ്

സാങ്കേതിക മുന്നേറ്റങ്ങൾ സ്വീകരിച്ചും, വിപണി സാന്നിധ്യം ശക്തമാക്കിയും, മാറുന്ന ഉപഭോക്തൃ ആവശ്യങ്ങൾക്കനുസൃതമായി നൂതന ഉത്പന്നങ്ങൾ അവതരിപ്പിച്ചും കേരാഫെഡ് നാളികേര വ്യവസായത്തെ പുനർനിർവചിച്ച് കൊണ്ടേയിരിക്കുന്നു. ഉന്നതനിലവാരമുള്ള നാളികേര അധിഷ്ഠിത ഉത്പന്നങ്ങൾ ലഭ്യമാക്കുക, സുസ്ഥിര സമ്പ്രദായങ്ങൾ പ്രോത്സാഹിപ്പിക്കുക, ദേശീയ അന്തർദ്ദേശീയ വിപണികൾ വിപുലീകരിക്കുക എന്നിവയാണ് ഞങ്ങളുടെ പ്രധാന ദൗത്യം. വരും വർഷങ്ങളിൽ, കേരാഫെഡിനെ കൂടുതൽ വളർച്ചയിലേക്കും പ്രവർത്തന മികവിലേക്കും നയിക്കുവാൻ പര്യാപ്തമായ നിരവധി നൂതന സംരംഭങ്ങളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

## ഉത്പാദന സൗകര്യങ്ങളുടെ ആധുനികവത്കരണം/നവീകരണം

കേരാഫെഡിന്റെ നിലവിലെ പ്ലാന്റുകൾക്ക് 30 വർഷത്തിലേറെ പഴക്കമുണ്ട്. ഞങ്ങളുടെ വിജയത്തിന് ശക്തമായ അടിത്തറ പാകിയവയാണ് ഈ പ്ലാന്റുകൾ. എന്നിരുന്നാലും, അനുദിനം വികസിച്ച് കൊണ്ടിരിക്കുന്ന വിപണിയുടെ ആവശ്യങ്ങൾക്കനുസരിച്ച് സ്ഥാപനത്തിന്റെ കാര്യക്ഷമതയും, ഉത്പന്നങ്ങളുടെ ഗുണമേന്മയും ഉറപ്പാക്കുന്നതിന് ഉത്പാദന സൗകര്യങ്ങൾ നവീകരിക്കേണ്ടത് അത്യാവശ്യമാണെന്ന് കേരാഫെഡ് കരുതുന്നു.

രാജ്യത്തെ നാളികേര വ്യവസായത്തിന് കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ ഏകദേശം 5% Compounded Annual Growth Rate (CAGR) ആണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത്, ഉയർന്ന് കൊണ്ടിരിക്കുന്ന ആഭ്യന്തര ആവശ്യത്തെയും, ജൈവവും ആരോഗ്യകരവുമായ ഉത്പന്നങ്ങളോടുള്ള ഉപഭോക്താക്കളുടെ വർദ്ധിച്ച ആഭിമുഖ്യത്തെയും സൂചിപ്പിക്കുന്നു. എന്നാൽ, ആധുനിക സാങ്കേതികവിദ്യയിലൂന്നിയ ഉത്പാദനത്തിൽ ഇന്ത്യ, ഈ രംഗത്തെ പ്രബല രാജ്യങ്ങളായ ഫിലിപ്പീൻസ്, തായ്‌ലൻഡ് എന്നിവയെക്കാൾ താരതമ്യേന പിന്നിലാണെന്ന് സമ്മതിക്കേണ്ടി വരും. ഓട്ടോമേഷനും നൂതന പ്രോസസ്സിംഗ് ടെക്നിക്കുകളും വ്യാപകമായി മികച്ച രീതിയിൽ അവലംബിച്ചതാണ് ഈ രാജ്യങ്ങളെ നാളികേര വ്യവസായരംഗത്തിന്റെ മുൻനിരയിലെത്തിച്ചത്. നാളികേര മേഖലയിൽ പ്രവർത്തിക്കുന്ന, രാജ്യത്തെ പ്രമുഖ സ്ഥാപനമായ കേരാഫെഡിനെ ആധുനികവത്കരണത്തിലേക്ക് ചുവട് മാറ്റം നടത്താൻ പ്രേരിപ്പിച്ചത് ഇക്കാരണങ്ങളാണ്.

വിപണിയിൽ കടുത്ത മത്സരം നേരിട്ട് മുന്നിലെത്താനും, നാളികേര അധിഷ്ഠിത ഉത്പന്നങ്ങളുടെ വർദ്ധിച്ച് വരുന്ന ആഗോള ആവശ്യം നിറവേറ്റാനും കേരാഫെഡിനെ പ്രാപ്തമാക്കണമെങ്കിൽ നിലവിലെ പഴയ പ്ലാന്റുകൾക്ക് പകരം അത്യാധുനിക സൗകര്യങ്ങൾ സ്ഥാപിക്കേണ്ടതുണ്ട്. നൂതന ഓട്ടോമേഷൻ സംവിധാനങ്ങൾ, ഊർജ്ജക്ഷമതയുള്ളതും ഹരിത സാങ്കേതികവിദ്യയിലൂന്നിയതുമായ യന്ത്രങ്ങൾ, കാര്യക്ഷമമായ ഉത്പാദന പ്രക്രിയകൾ എന്നീ സവിശേഷതകൾ ഉള്ള പുതിയ പ്ലാന്റുകൾ ഉത്പാദനക്ഷമത മെച്ചപ്പെടുത്തുക മാത്രമല്ല നമ്മുടെ പാരിസ്ഥിതിക ഫുട്ട് പ്രിന്റ് / ആഘാതം കുറയ്ക്കുകയും ചെയ്യും. ഞങ്ങളുടെ ഉത്പാദനശേഷി ഗണ്യമായി വർദ്ധിപ്പിക്കുവാനും, നാളികേര വ്യവസായത്തിൽ ഞങ്ങളുടെ അനിഷേധ്യ നേതൃത്വം തുടരുവാനും, ഉപഭോക്താക്കളെ മികച്ച രീതിയിൽ സേവിക്കുവാനും, വിഭവങ്ങൾ സംരക്ഷിക്കുവാനും, സുസ്ഥിരതാ ലക്ഷ്യങ്ങൾ കൈവരിക്കുവാനും ഈ നവീകരണ നടപടികളിലൂടെ ഞങ്ങൾക്ക് സാധിക്കും.

## നാളികേരമേഖലയുടെ സുസ്ഥിര വികസനത്തിനായി നിർദ്ദേശിക്കപ്പെട്ട പ്രവർത്തനങ്ങൾ

നാളികേരമേഖലയുടെ മൊത്തത്തിലുള്ള വളർച്ചയും സുസ്ഥിരതയും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ അടുത്ത വർഷത്തേക്ക് ധാരാളം പദ്ധതികൾ കേരാഫെഡ് തയ്യാറാക്കിയിട്ടുണ്ട്. നാളികേര വ്യവസായത്തിൽ സജീവമായി പ്രവർത്തിക്കുന്ന കൃഷിക്കൂട്ടങ്ങൾ, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ (FPO), ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ (FPC) തുടങ്ങിയ വിവിധ സംഘടനകളുമായി സഹകരിക്കാൻ ഫെഡറേഷൻ ഉദ്ദേശിക്കുന്നു. ഇത്തരത്തിലുള്ള പങ്കാളിത്തത്തിലൂടെ കർഷകർക്ക് ആവശ്യമായ പിന്തുണ നൽകിക്കൊണ്ട്, ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുവാനാണ് ലക്ഷ്യമിടുന്നത്.

കേരാഫെഡിന്റെ നിർദ്ദിഷ്ട സംരംഭത്തിന്റെ പ്രധാന പദ്ധതികളിലൊന്ന് കർഷകർക്ക് അവശ്യ വിഭവങ്ങളും സേവനങ്ങളും നൽകുക എന്നതാണ്. വിദഗ്ധ ഉപദേശക സേവനങ്ങൾ, ഉയർന്ന നിലവാരമുള്ള വളങ്ങൾ, റീപ്ലാന്റിംഗിനായി മെച്ചപ്പെട്ട തെങ്ങിൻ തൈകൾ എന്നിവ നൽകുന്നത് വഴി കർഷകരുടെ വിളവും ഉത്പന്നത്തിന്റെ ഗുണനിലവാരവും വർദ്ധിപ്പിക്കാൻ കഴിയുന്നു. ഉത്പാദനക്ഷമതയുടെയും സുസ്ഥിര കാർഷിക രീതികളുടെയും കാര്യത്തിലുണ്ടാകുന്ന വെല്ലുവിളികളെ നേരിടാൻ കർഷകരെ സഹായിക്കുക എന്നതാണ് കേരാഫെഡ് ഇതിലൂടെ നടപ്പാക്കാൻ ശ്രമിക്കുന്നത്.

ഈ സംരംഭങ്ങളുടെ പ്രധാന ലക്ഷ്യം കേരാഫെഡും കർഷകരും തമ്മിൽ അടുത്ത ബന്ധം വളർത്തുകയും ആത്യന്തികമായി അവരുടെ ഉപജീവനമാർഗം മെച്ചപ്പെടുത്തുകയും ചെയ്യുക എന്നതാണ്. നാളികേര ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിലൂടെ, കർഷകർക്ക് വരുമാനത്തിൽ സ്ഥിരമായ വർദ്ധനവ് ഉറപ്പാക്കാൻ കേരാഫെഡിന് കഴിയുന്നു. ഈ മേഖലയുടെ മൊത്തത്തിലുള്ള സാമ്പത്തിക വളർച്ചയും, നാളികേര കർഷകരുടെ ജീവിതനിലവാരവും മെച്ചപ്പെടുത്തുന്നതിലേക്ക് ഇത് വഴിയൊരുക്കുന്നു.

മാത്രമല്ല, ഈ സംരംഭങ്ങളിലൂടെ സംഭരിക്കുന്ന നാളികേരം കർഷകർക്ക് മാത്രമല്ല, കേരാഫെഡിന്റെ വിവിധ ഉത്പാദന പ്രവർത്തനങ്ങൾക്കും ഉപയോഗിക്കാൻ കഴിയുന്നതാണ്. നാളികേര വ്യവസായത്തിൽ നിന്ന് ഉത്പാദിപ്പിക്കുന്ന വിഭവങ്ങൾ ഈ മേഖലയിൽ തന്നെ നിക്ഷേപിക്കപ്പെടുകയും മേഖലയുടെ വളർച്ചയെ ഇത് പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ഇപ്രകാരം, നാളികേര മേഖലയുടെ സുസ്ഥിര വികസനം സാധ്യമാക്കുന്നതിലും, കർഷകരുടെ ക്ഷേമവും വ്യവസായത്തിന്റെ ദീർഘകാല പ്രവർത്തനക്ഷമതയും ഉറപ്പാക്കുന്നതിലും നിർണായക പങ്ക് വഹിക്കുവാൻ കേരാഫെഡിന് കഴിയുന്നു.

ചുരുക്കിപ്പറഞ്ഞാൽ, കേരളത്തിലെ നാളികേര വ്യവസായത്തെ ശക്തിപ്പെടുത്തുന്നതിനും, ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും, കർഷകരുടെ ക്ഷേമം മെച്ചപ്പെടുത്തുന്നതിനും, ആത്യന്തികമായി ഈ മേഖലയുടെ സുസ്ഥിര വളർച്ച ഉറപ്പാക്കുന്നതിനുമുള്ള സമഗ്രമായ പദ്ധതികളാണ് കേരാഫെഡ് ആസൂത്രണം ചെയ്യുന്നത്.

## കേരളത്തിന് പുറത്തുള്ള വിപണി വിപുലീകരണം

കേരളമാണ് കേരാഫെഡിന്റെ പ്രധാന പ്രവർത്തന മണ്ഡലമെങ്കിലും സ്ഥാപനത്തിന്റെ വിജയം കൂടുതൽ ഉയരങ്ങളിലേക്ക് എത്തണമെങ്കിൽ കേരാഫെഡ് ഉത്പന്നങ്ങളുടെ വിപണി കേരളത്തിന് പുറത്തും വ്യാപിപ്പിക്കേണ്ടത് അത്യാവശ്യമാണെന്ന് ഞങ്ങൾ തിരിച്ചറിയുന്നു. ദേശീയതലത്തിൽ, ഇന്ത്യയുടെ നാളികേര വിപണി 2026-ഓടെ 35,000 കോടി രൂപയിലെത്തുമെന്ന് പ്രതീക്ഷിക്കുന്നു, ഏകദേശം 6.5 % CAGR. നാളികേര ഉത്പന്നങ്ങളുടെ ലഭ്യത പൊതുവെ കുറവായ ഉത്തരേന്ത്യൻ വിപണിയാകട്ടെ ഒരു വലിയ അവസരമാണ് കേരാഫെഡിന് മുൻപിൽ തുറന്നിടുന്നത്. ആരോഗ്യബോധമുള്ള ഉപഭോക്താക്കൾക്കിടയിൽ നാളികേര അധിഷ്ഠിത ഉത്പന്നങ്ങൾക്ക് സ്വീകാര്യത കൂടിവരുന്ന ഇക്കാലത്ത്, പ്രീമിയം ഗുണനിലവാരമുള്ള ഉത്പന്നങ്ങൾ ലഭ്യമാക്കിയും, പ്രധാന നഗര കേന്ദ്രങ്ങളിൽ വിതരണ ശൃംഖലകൾ വിപുലീകരിച്ചും, വിപണി പിടിച്ചെടുക്കുവാനാണ് കേരാഫെഡ് ലക്ഷ്യമിടുന്നത്.

ഇതിന്റെ ഭാഗമായാണ് കേരാഫെഡ് ഡൽഹിയിൽ ഒരു ഓഫീസ് സ്ഥാപിച്ചത്. ഉത്തരേന്ത്യൻ വിപണിയിൽ, ഗുണമേന്മയുള്ള നാളികേര ഉത്പന്നങ്ങളുടെ ആവശ്യകത വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ ഞങ്ങളുടെ സാന്നിധ്യം വിപുലവും ഫലപ്രദവും ആക്കുന്നതിന് ഈ ഓഫീസ് സഹായകമായിരിക്കും. കേരാഫെഡിനെ ഒരു പാൻഇന്ത്യ ബ്രാൻഡായി മാറ്റുവാൻ ഇതിലൂടെ കഴിയുന്നതാണ്. ഡൽഹി ഇന്ത്യയുടെ രാഷ്ട്രീയ, സാമ്പത്തിക രംഗങ്ങളിൽ അതിപ്രസക്തമായ പ്രദേശമായതിനാൽ രാജ്യത്തിന്റെ വടക്കൻ ഭാഗത്തുള്ള വിതരണക്കാരുമായും ചില്ലറ വ്യാപാരികളുമായും ഉപഭോക്താക്കളുമായും ബന്ധപ്പെടാനുള്ള തന്ത്രപരമായ ഒരു കേന്ദ്രമായി കേരാഫെഡിന്റെ ഡൽഹി ഓഫീസിന് പ്രവർത്തിക്കാൻ കഴിയും. വിസ്തൃതവും വൈവിധ്യപൂർണ്ണവുമായ ഈ വിപണിയിൽ ചുവടുറപ്പിക്കുന്നതിലൂടെ ഞങ്ങളുടെ ബ്രാൻഡ് അംഗീകാരം ഗണ്യമായി വർദ്ധിപ്പിക്കാനും ഞങ്ങളുടെ ഉത്പന്നങ്ങൾക്ക് വിശാലമായ ഉപഭോക്തൃ അടിത്തറ ഉണ്ടാക്കിയെടുക്കുവാനും കഴിയും എന്നതിൽ സംശയമില്ല.

കൂടാതെ, ഞങ്ങളുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിലൂടെയും വിവിധ മേഖലകളിലുടനീളം കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലൂടെയും 'മേക്ക് ഇൻ ഇന്ത്യ', 'ആത്മനിർഭർ ഭാരത്' (സ്വാശ്രയ ഇന്ത്യ) തുടങ്ങിയ സർക്കാർ പദ്ധതികളുടെ ലക്ഷ്യങ്ങളുമായി കൈകോർത്ത് നീങ്ങാൻ കേരാഫെഡിന് കഴിയും എന്നതിൽ ഞങ്ങൾക്ക് അതിയായ അഭിമാനമുണ്ട്.

## അന്താരാഷ്ട്ര വിപണി വിപുലീകരണവും ഗൾഫ് രാജ്യങ്ങളിലേക്കുള്ള കയറ്റുമതിയും

കേരാഫെഡിന്റെ വളർച്ചാ തന്ത്രം ദേശീയ തലത്തിൽ അവസാനിക്കുന്നില്ല. 2024-ൽ ഗൾഫ് രാജ്യങ്ങളിലേക്കുള്ള കയറ്റുമതി ആരംഭിച്ച് ഞങ്ങൾ അന്താരാഷ്ട്ര വിപണിയിലും സാന്നിദ്ധ്യമായി മാറി. പ്രകൃതിദത്തവും ജൈവവും ആരോഗ്യകരവുമായ ഉത്പന്നങ്ങൾക്ക് വർദ്ധിച്ചുവരുന്ന ഡിമാൻഡുള്ള ഗൾഫ് മേഖലയിലാണ് തുടക്കത്തിൽ ഞങ്ങളുടെ ശ്രദ്ധ. ഇവിടങ്ങളിൽ പ്രീമിയം ഉത്പന്നങ്ങൾ ലഭ്യമാക്കി കയറ്റുമതിയിൽ നേട്ടങ്ങൾ കൊയ്യാനാണ് കേരാഫെഡ് ലക്ഷ്യം വയ്ക്കുന്നത്.

ആഗോള നാളികേര ഉത്പന്ന വിപണി 2023-ൽ ഏകദേശം 11.5 ബില്യൺ യുഎസ് ഡോളറായിരുന്നത്, വരും വർഷങ്ങളിൽ 8.2% CAGR-ലേക്ക് വളരുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. സസ്യ അധിഷ്ഠിത ഉത്പന്നങ്ങൾക്കും പ്രകൃതിദത്ത എണ്ണകൾക്കുമുള്ള വർദ്ധിച്ചുവരുന്ന ഉപഭോക്തൃ മുൻഗണന കണക്കിലെടുത്ത് മിഡിൽ ഈസ്റ്റിലും യൂറോപ്പിലും ഗണ്യമായ വിപണി വളർച്ച കൈവരിക്കാമെന്നാണ് കേരാഫെഡ് അനുമാനിക്കുന്നത്. അന്താരാഷ്ട്ര ഉപഭോക്താക്കളുടെ വൈവിധ്യമാർന്ന അഭിരുചികളും താത്പര്യങ്ങളും നിറവേറ്റുന്നുവെന്ന് ഉറപ്പാക്കിക്കൊണ്ട്, നമ്മുടെ പ്രീമിയം നാളികേര ഉത്പന്നങ്ങളുടെ ആഗോള കയറ്റുമതിയിൽ ശ്രദ്ധ കേന്ദ്രീകരിക്കുവാനും കേരാഫെഡ് ഉദ്ദേശിക്കുന്നു. അന്താരാഷ്ട്ര വിപണികളിലേക്ക് പ്രവേശിക്കുന്നതോടെ ഗുണനിലവാരമുള്ള നാളികേര അധിഷ്ഠിത ഉത്പന്നങ്ങളുടെ പര്യായമായ ഒരു ആഗോള ബ്രാൻഡായി കേരാഫെഡ് മാറുന്നതാണ്.

## പുതിയ ഉത്പന്നങ്ങൾ

പുതുമയാണ് കേരാഫെഡിന്റെ വിപണന തന്ത്രത്തിന്റെ അടിസ്ഥാന മന്ത്രം. വൈവിധ്യമാർന്ന നാളികേര അധിഷ്ഠിത ഉത്പന്നങ്ങൾ നിർമ്മിക്കുക എന്ന ഞങ്ങളുടെ പ്രതിബദ്ധതയുടെ ഭാഗമായി, നൂതനവും ആകർഷകവുമായ പുതു ഉത്പന്നങ്ങൾ ഞങ്ങൾ അവതരിപ്പിക്കുകയാണ്. നിരവധി ആരോഗ്യ ഗുണങ്ങൾക്ക് പേരുകേട്ട, പാചകം മുതൽ ചർമ്മ സംരക്ഷണത്തിന് വരെ ഡിമാൻഡ് ഏറെയുള്ള വിർജിൻ കോക്കനട്ട് ഓയിലിന്റെ ഉത്പാദനം ആരംഭിക്കാൻ തീരുമാനിക്കുന്നത് ഇതിനോടനുബന്ധിച്ചാണ്. ഇത് കൂടാതെ, വിവിധങ്ങളായ വിപണി പ്രവണതകൾക്കനുസരിച്ച് നൂതന ഉത്പന്നങ്ങൾ നിർമ്മിച്ച് അവതരിപ്പിക്കുന്നതിനായി ഞങ്ങളുടെ ഉത്പന്ന വികസന ടീം ഉത്സാഹത്തോടെ പ്രവർത്തിച്ച് വരുന്നു.

എല്ലാ നാളികേര അധിഷ്ഠിത ആവശ്യങ്ങൾക്കുമുള്ള ഏക ലക്ഷ്യസ്ഥാനമായി കേരാഫെഡിനെ മാറ്റുക എന്ന ഞങ്ങളുടെ വിശാലമായ വിപണന തന്ത്രത്തിന്റെ ഭാഗമാണ് ഈ വൈവിധ്യവത്കരണം. ഉത്പന്നങ്ങൾക്ക് ഉയർന്ന ഗുണനിലവാരം മാത്രമല്ല, ഒപ്പം പുതുമയും വൈവിധ്യവും കൂടി വാഗ്ദാനം ചെയ്യുന്ന ഒരു ഉത്തമ ബ്രാൻഡാക്കി കേരാഫെഡിനെ പ്രാദേശിക, ദേശീയ, അന്തർദേശീയ വിപണികളിൽ നിലനിറുത്തുവാനുള്ള അശ്രാന്ത പരിശ്രമത്തിലാണ് ഞങ്ങൾ.

## സാങ്കേതികവിദ്യയും ഓട്ടോമേഷനും ആയുള്ള കൈകോർക്കൽ

വികസനത്തെക്കുറിച്ചുള്ള ഞങ്ങളുടെ വിശാലമായ കാഴ്ചപ്പാടിന്റെ ഭാഗമായി, കേരാഫെഡിന്റെ പ്രവർത്തനങ്ങളിലുടനീളം സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി വരുന്നു. കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലും ചെലവ് കുറയ്ക്കുന്നതിലും മൊത്തത്തിലുള്ള ഉത്പാദനക്ഷമത മെച്ചപ്പെടുത്തുന്നതിലും ഓട്ടോമേഷൻ പങ്ക് വഹിക്കുന്നു. ഉത്പാദന പ്രക്രിയകളുടെ തത്സമയ നിരീക്ഷണം സാദ്ധ്യമാക്കുന്ന ഓട്ടോമേറ്റഡ് സിസ്റ്റങ്ങളുടെ ഉപയോഗം കേരാഫെഡ് ഉത്പന്നങ്ങൾക്ക് ഉയർന്ന ഗുണമേന്മ ഉറപ്പ് നൽകുന്നു.

കേരാഫെഡിന്റെ ഡോക്യുമെന്റ് മാനേജ്മെന്റ് സിസ്റ്റം പൂർണ്ണമായും ഡിജിറ്റൈസ് ചെയ്തു. ഇത് വഴി ചെലവ് കുറയ്ക്കാൻ മാത്രമല്ല, കൂടുതൽ ഹരിതവും സുസ്ഥിരവുമായ ഭാവിയിലേക്ക് ചുവട് വയ്ക്കാനും നമുക്ക് കഴിഞ്ഞു.

സംഭരണം, ഉത്പാദനം, സാധനസാമഗ്രികൾ കൈകാര്യം ചെയ്യൽ, വിതരണം എന്നിവയുൾപ്പെടെ വിവിധ പ്രവർത്തനങ്ങൾ സംയോജിപ്പിച്ച് ഞങ്ങളുടെ ഇ. ആർ. പി. സംവിധാനവും വിജയകരമായി നടപ്പാക്കിയിട്ടുണ്ട് ഇതിലൂടെ സുഗമമായ വിവര കൈമാറ്റം, മികച്ച തീരുമാനമെടുക്കൽ, മെച്ചപ്പെട്ട ഉപഭോക്തൃ സേവനം എന്നിവ ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടുണ്ട്.

ഇ-ഓഫീസ് സംവിധാനത്തിലൂടെ ഞങ്ങൾ 100% ഇ-ഫയലിംഗ് നേടുകയും, എല്ലാ ഡോക്യുമെന്റേഷനുകളും റെക്കോർഡുകളും ഡിജിറ്റലായി പരിപാലിക്കുന്നുവെന്ന് ഉറപ്പാക്കുകയും ചെയ്യുന്നു. നമ്മുടെ രേഖകളുടെ സുതാര്യതയും, ലഭ്യതയും, സുരക്ഷയും ഉറപ്പാക്കാൻ ഡിജിറ്റലൈസേഷൻ നടപടികൾ സഹായിക്കുന്നു.

## ജീവനക്കാരുടെ പരിശീലനവും വികസനവും

ഞങ്ങളുടെ ജീവനക്കാരാണ് ഞങ്ങളുടെ ഏറ്റവും മൂല്യവത്തായ സ്വത്തെന്ന് ഞങ്ങൾ മനസിലാക്കുന്നു. അവരുടെ കഴിവുകളും അറിവും അർപ്പണബോധവും ഈ സ്ഥാപനത്തിന്റെ വിജയത്തിന് നിർണായകമാണ്. ജീവനക്കാർക്ക് പ്രത്യേക പരിശീലന പരിപാടികൾ നൽകുന്നതിന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോഓപ്പറേറ്റീവ് മാനേജ്മെന്റ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് എന്നിവയുൾപ്പെടെ വിവിധ പരിശീലന സ്ഥാപനങ്ങളുമായി ഞങ്ങൾ പങ്കാളിത്തത്തിൽ ഏർപ്പെട്ടിട്ടുണ്ട്. സാങ്കേതിക വൈദഗ്ധ്യവും മാനേജ്മെന്റ് രീതികളും മുതൽ ഉപഭോക്തൃ സേവനം, നേതൃത്വ വികസനം വരെയുള്ള വൈവിധ്യമാർന്ന വിഷയങ്ങൾ പരിശീലന മൊഡ്യൂളുകളിൽ ഉൾപ്പെടും.

ജീവനക്കാരുടെ വികസനം എന്നത് കേരാഫെഡിന്റെ ദീർഘകാല വികസന തന്ത്രത്തിന്റെ ഭാഗം കൂടിയാണ്. പ്രൊഫഷണൽ മികവാർന്ന ഒരു തൊഴിൽ ശക്തിയെ വാർത്തെടുക്കുന്നതിലൂടെ സ്ഥാപനത്തിന്റെ തൊഴിൽ അന്തരീക്ഷം മെച്ചപ്പെടുത്തുവാനും ഉത്പാദനക്ഷമതയും കാര്യക്ഷമതയും വർദ്ധിപ്പിക്കുവാനും കഴിയും എന്ന് ഞങ്ങൾ തിരിച്ചറിയുന്നു.

## ഉപസംഹാരം

പുതിയ സംരംഭങ്ങൾ നടപ്പിലാക്കുന്നത് വഴി ഉപഭോക്തൃ പ്രതീക്ഷകൾക്കപ്പുറം വളരുവാനും, നാളികേര വ്യവസായരംഗത്ത് കേരാഫെഡിന്റെ നേതൃത്വം കൂടുതൽ ശക്തമാക്കുവാനും കഴിയും. നവീന ആശയങ്ങളും നൂതന സംരംഭങ്ങളും നൽകുന്ന വളർച്ചയും വിജയവും നിറഞ്ഞ ഒരു ഭാവിയിലേക്കാണ് കേരാഫെഡിന്റെ യാത്ര. ഈ യാത്രയ്ക്ക് ആവേശം പകർന്ന് കൊണ്ട് ഞങ്ങളുടെ പങ്കാളികൾ നൽകുന്ന അചഞ്ചലമായ പിന്തുണയ്ക്ക് സ്നേഹപൂർവ്വം നന്ദി അറിയിക്കുന്നു.

**ശ്രീ. സാജു കെ.സുരേന്ദ്രൻ, IES**
മാനേജിങ് ഡയറക്ടർ
തിരുവനന്തപുരം


KERAFED
കേരാഫെഡ്
KERA
കേര
DOUBLE FILTERED PURE COCONUT
KERAFED
കേരാഫെഡ്
KERA
കേര
coconut milk
powder
100g
100% Natural
KERAGEM
Kesamrith
AYURVEDIC HAIR OIL
KERA

# കേരള കേരകർഷക സഹകരണ ഫെഡറേഷൻ

ക്ലിപ്തം നം. 4370 (കേരാഫെഡ്),
കേര ടവർ, വാട്ടർ വർക്ക്സ് കോമ്പൗണ്ട്, വെള്ളയമ്പലം, തിരുവനന്തപുരം 695033,
ഫോൺ 0471 2320504, 2321660, 2321046
email: contact@kerafed.com, website www.kerafed.com

## വാർഷിക പൊതുയോഗ നോട്ടീസ്

മാന്യ സഹകാരികളെ,

കേരള കേരകർഷക സഹകരണ ഫെഡറേഷൻ ക്ലിപ്തം നം.4370 (കേരാഫെഡ്)ന്റെ ഇരുപത്തി ഏഴാമത് വാർഷിക പൊതുയോഗം 14 /03 /2025 വെള്ളി രാവിലെ 11 മണിക്ക് ചുവടെ ചേർത്തിട്ടുള്ള കാര്യപരിപാടികളോടെ എറണാകുളത്തു കാക്കനാടുള്ള റെക്കാ ക്ലബിൽ വച്ച് കേരാഫെഡ് ചെയർമാൻ ശ്രീ. വി. ചാമുണ്ണിയുടെ അധ്യക്ഷതയിൽ നടത്തുന്നതാണ് .

പ്രസ്തുത യോഗത്തിൽ പങ്കെടുക്കുന്നതിനായി അംഗ സ്ഥാപനങ്ങളുടെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ അന്നേദിവസം രാവിലെ 11 മണിക്ക് മുൻപായി റെക്കാ ക്ലബിൽ എത്തിച്ചേരുവാൻ അഭ്യർത്ഥിക്കുന്നു .

## കാര്യപരിപാടി

1. പ്രാർത്ഥന
2. സ്വാഗതം
3. 27-ാമത് വാർഷിക പൊതുയോഗ നോട്ടീസ് വായിച്ച് രേഖപ്പെടുത്തുന്നത്
4. ഉപക്രമം
5. 26-ാമത് പൊതുയോഗ മിനിറ്റ്സ് വായിച്ച് രേഖപ്പെടുത്തുന്നത്
6. 2023-24 വർഷത്തെ പ്രവർത്തന റിപ്പോർട്ട് അവതരണവും, 2025-26 വർഷത്തെ ഭാവിപരിപാടികളുടെ ചർച്ച.
7. 2023-24 വർഷത്തെ ബഡ്ജറ്റിൽ അധികമായി ചെലവഴിച്ച തുകയുടെ അവതരണവും അംഗീകരിക്കലും
8. 2023-24 വർഷത്തെ താൽക്കാലിക ബാക്കി പത്രവും വരവുചെലവ് കണക്കിനുമുള്ള അംഗീകാരവും
9. 2022-23 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് അവതരണവും, ന്യൂനത സംഗ്രഹവും ചർച്ചയും.
10. 2025-26 വർഷത്തെ ബഡ്ജറ്റ് അവതരണവും ചർച്ചയും അംഗീകാരവും
11. ചോദ്യങ്ങൾക്കുള്ള മറുപടിയും പ്രമേയങ്ങളും
12. അധ്യക്ഷന്റെ അനുവാദത്തോടെ ഉന്നയിക്കാവുന്ന ഇതര വിഷയങ്ങൾ
13. കൃതജ്ഞത

## കുറിപ്പ്

1. അംഗസംഘങ്ങളിലെ ഭരണസമിതി അംഗം തന്നെ ആയിരിക്കണം പ്രതിനിധിയായി യോഗത്തിൽ പങ്കെടുക്കേണ്ടത് . പ്രതിനിധിപത്രം കേരാഫെഡ് വെബ്സൈറ്റിൽ ലഭ്യമാണ്. contact@kerafed.com എന്ന ഇ-മെയിൽ വിലാസത്തിൽ അപേക്ഷിച്ചാലും അയച്ചുതരുന്നതാണ് .

2. പൊതുയോഗത്തിൽ ഉന്നയിക്കാൻ ചോദ്യങ്ങളോ, അവതരിപ്പിക്കാൻ പ്രമേയങ്ങളോ ഉള്ള പക്ഷം ആയത് 10/03/2025 പകൽ 11 മണിക്ക് മുമ്പായി കേരാഫെഡ്, മാനേജിങ് ഡയറക്ടറുടെ പേര് വച്ച കവറിൽ ലഭിച്ചിരിക്കേണ്ടതാണ് .

കേരാഫെഡ് ഭരണസമിതിക്ക് വേണ്ടി
ആജ്ഞാനുസരണം
(ഒപ്പ് )
മാനേജിംങ് ഡയറക്ടർ

തിരുവനന്തപുരം
25/02/2025

# ഡയറക്ടർ ബോർഡ്, **കേരാഫെഡ്**



**ചെയർമാൻ,**

ശ്രീ. വി.ചാമുണ്ണി,
കേരാഫെഡ് ഹെഡ് ഓഫീസ്
വെള്ളയമ്പലം, തിരുവനന്തപുരം
Ph: 0471-2328038



**വൈസ് ചെയർമാൻ,**

ശ്രീ. കെ.ശ്രീധരൻ,
കേരാഫെഡ് ഹെഡ് ഓഫീസ്
വെള്ളയമ്പലം, തിരുവനന്തപുരം
Tel: 9447370193



**മാനേജിങ് ഡയറക്ടർ**

ശ്രീ. സാജു കെ.സുരേന്ദ്രൻ, IES
കേരാഫെഡ് ഹെഡ് ഓഫീസ്
വെള്ളയമ്പലം, തിരുവനന്തപുരം
Tel: 0471-2326107

# ഡയറക്ടർ ബോർഡ്, **കേരാഫെഡ്**



### അഡ്വ. എം.സി. ബിനുകുമാർ
പ്രസിഡന്റ്, ഇളമാട് സർവീസ് കോഓപ്പറേറ്റീവ്
ബാങ്ക് ലിമിറ്റഡ് No. Q.382, കൊല്ലം
Ph: 9447182005



### ശ്രീ. കെ.സി. രാമചന്ദ്രൻ
പ്രസിഡന്റ്, കുന്നമംഗലം
കോഓപ്പറേറ്റീവ് റൂറൽ ഡെവലപ്മെന്റ് ബാങ്ക്
ലിമിറ്റഡ് No.F, 1246,
കുന്നമംഗലം പി.ഒ. കോഴിക്കോട്



### ശ്രീ കെ.പി. സെൽവരാജ്
പ്രസിഡന്റ്, പള്ളുരുത്തി മണ്ഡലം,
സർവീസ് കോഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്
No.65, കുമ്പളങ്ങി വഴി, പള്ളുരുത്തി,
കൊച്ചി 682 006



### ശ്രീ. എസ്. എസ്. രാജലാൽ
കരകുളം സർവ്വീസ് സഹകരണ ബാങ്ക്
ലിമിറ്റഡ് No.3064, കരകുളം
ഫോൺ 9447037169



### ശ്രീ. ജോസഫ് മാളിയേക്കൽ
പ്രസിഡന്റ്, മൂസ്പെട് സർവീസ് കോഓപ്പറേറ്റീവ്
ബാങ്ക് ലിമിറ്റഡ് No.682 മൂസ്പെട് റോഡ്,
ജൂബിലി മിഷൻ ഹോസ്പിറ്റൽ പി.ഒ.
തൃശൂർ 680 005



### ശ്രീമതി ശ്രീലത പി.
കഞ്ഞിക്കുഴി സർവ്വീസ് സഹകരണ
ബാങ്ക് ലിമിറ്റഡ് No.1558, കഞ്ഞിക്കുഴി
എസ് എൽ പുരം. പി.ഒ. 686523
ഫോൺ. 9496391899



### ശ്രീ. കെ. ലക്ഷ്മണൻ
പ്രസിഡന്റ്, കരിന്തളം സർവീസ്
കോഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്
No. FF 109 കരിന്തളം പി.ഒ. കരിന്തളം Via,
നീലേശ്വരം, കാസറഗോഡ് 671314



### ശ്രീമതി ധന്യ എൻ. വി.
ബോർഡ് മെമ്പർ,
പൊന്നാനി സർവീസ്
കോ ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്
No. 4841 കുറ്റിക്കാട് പി.ഒ. പൊന്നാനി,
മലപ്പുറം

# ഡയറക്ടർ ബോർഡ്, കേരഫെഡ്



**ശ്രീമതി ആശ ബാബു**
ബോർഡ് മെമ്പർ,
ബ്രഹ്മമംഗലം ഗ്രാമസ്വരാജ്
സർവീസ് കോഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്
No. 2966, ബ്രഹ്മമംഗലം പി.ഓ., കോട്ടയം



**ഡോ. ബി. അശോക് IAS**
APC & പ്രിൻസിപ്പൽ സെക്രട്ടറി അഗ്രികൾച്ചർ,
ഗവൺമെന്റ് ഓഫ് കേരള, സെക്രട്ടറിയേറ്റ്,
തിരുവനന്തപുരം



**ശ്രീ. ഗോപി കോട്ടമുറിക്കൽ**
പ്രസിഡന്റ്, കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ്
ബാങ്ക് ലിമിറ്റഡ്, കോബാങ്ക് ടവേഴ്സ്, പാളയം,
തിരുവനന്തപുരം



**ഡോ. ശ്രീറാം വെങ്കിട്ടരാമൻ IAS**
ഡയറക്ടർ, കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്,
വികാസ് ഭവൻ, തിരുവനന്തപുരം



**അഡ്വ. സി.കെ. ഷാജിമോഹൻ**
പ്രസിഡന്റ്, കേരള സംസ്ഥാന സഹകരണ
കാർഷിക ഗ്രാമ വികസന ബാങ്ക് ലിമിറ്റഡ്,
സ്റ്റാച്യു, തിരുവനന്തപുരം



**ശ്രീ. ഡി.സജിത് ബാബു IAS**
രജിസ്ട്രാർ ഓഫ് കോഓപ്പറേറ്റീവ്
സൊസൈറ്റീസ്, ജവഹർ സഹകരണ ഭവൻ,
ഡിപിഐ ജംഗ്ഷൻ, തിരുവനന്തപുരം



**ശ്രീ. ശ്രീധരൻ.കെ.എൻ**
റീജിയണൽ ഡയറക്ടർ,
എൻ.സി.ഡി.സി.,
തിരുവനന്തപുരം 33

# എക്സിക്യൂട്ടീവ് , കമ്മിറ്റി മെമ്പേഴ്സ്

**ശ്രീ. വി.ചാമുണ്ണി, ചെയർമാൻ**
കേരാഫെഡ് ഹെഡ് ഓഫീസ്, വെള്ളയമ്പലം, തിരുവനന്തപുരം
Ph: 0471-2328038

**ശ്രീ. കെ.ശ്രീധരൻ, വൈസ് ചെയർമാൻ,**
കേരാഫെഡ് ഹെഡ് ഓഫീസ്, വെള്ളയമ്പലം, തിരുവനന്തപുരം
Tel: 9447370193

**അഡ്വ. എം.സി. ബിനുകുമാർ,**
പ്രസിഡന്റ്, ഇളമാട് സർവീസ് കോ ഓപ്പറേറ്റീവ്
ബാങ്ക് ലിമിറ്റഡ് No. Q.382, കൊല്ലം. Ph: 9447182005

**ശ്രീ. കെ.സി.രാമചന്ദ്രൻ,**
പ്രസിഡന്റ്, കുന്നമംഗലം
കോ ഓപ്പറേറ്റീവ് റൂറൽ ഡെവലപ്മെന്റ് ബാങ്ക് ലിമിറ്റഡ് No.F, 1246,
കുന്നമംഗലം പി.ഓ., കോഴിക്കോട്. Ph: 94967 57791

**ശ്രീ. എസ്. എസ്. രാജലാൽ**
കരകുളം സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് No.3064, കരകുളം
Ph: 9447037169

**ശ്രീമതി ധന്യ എൻ. വി.**
ബോർഡ് മെമ്പർ,
പൊന്നാനി സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്
No. 4841 കുറ്റിക്കാട് പി.ഒ. പൊന്നാനി, മലപ്പുറം

**ശ്രീ. സാജു കെ.സുരേന്ദ്രൻ, IES**
മാനേജിങ് ഡയറക്ടർ
കേരാഫെഡ് ഹെഡ് ഓഫീസ്, വെള്ളയമ്പലം, തിരുവനന്തപുരം
Tel: 0471-2326107

## മുടിയിഴകൾക്ക്
## സമ്പൂർണ്ണ സംരക്ഷണം
## കേരയിൽ നിന്നും..

KERAFED®
കേരഫെഡ്
(A Govt. of Kerala Enterprise)




# കേരജം
# കേശാമൃത്
## ഹെർബൽ ഹെയർ ഓയിൽ

വ്യാജ വെളിച്ചെണ്ണ വാങ്ങി
വഞ്ചിതരാകാതിരിക്കാൻ..

# 'കേരാഫെഡ് കേര'

## എന്നുതന്നെ ചോദിച്ചു വാങ്ങൂ..

കേരാഫെഡ്
ലോഗോ ഉണ്ടെന്ന്
ഉറപ്പുവരുത്തുക.




കേരാഫെഡ്

# കേര

100% ശുദ്ധമായ വെളിച്ചെണ്ണ

Double Filtered Coconut Oil

രുചിയോടൊപ്പം
ആരോഗ്യവും സംരക്ഷിക്കൂ

KERAFED
കേരാഫെഡ്
(A Govt. of Kerala Enterprise)

കേരാഫെഡ്
ഒരു കേരള സർക്കാർ സ്ഥാപനം

# കേരാഫെഡ്.

## സമർപ്പണം, നവീകരണം, വൈവിധ്യവൽക്കരണം, സുസ്ഥിര വളർച്ച എന്നിവയിൽ വേരൂന്നിയ ഒരു യാത്ര.



കേരാഫെഡ്, കാർഷിക ഭൂപ്രകൃതിയിൽ വെറുമൊരു പേര് മാത്രമല്ല; ഇത് കേരളത്തിലെ നാളികേര കർഷകസമൂഹത്തിന്റെ ജീവവായുവാണ്.

നാളികേരത്തിന്റെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിലൂടെയും മൂല്യ വർദ്ധനയിലൂടെയും കേരകർഷകരുടെ വരുമാന അടിത്തറ ബലപ്പെടുത്തുന്നതിനുള്ള എല്ലാ സേവനങ്ങളും നൽകിക്കൊണ്ട് നാളികേര കർഷകരെ സംഘടിപ്പിക്കുക എന്ന ഉദ്ദേശത്തോടെ രൂപീകരിച്ച കേരകർഷക സഹകരണ സംഘങ്ങളുടെ അപെക്സ് ഫെഡറേഷൻ ആണ് കേരാഫെഡ്.

ഈ വർഷവും കേരാഫെഡ് കേരളത്തിലെ കർഷകരോടും ജനങ്ങളോടുമുള്ള പ്രതിബദ്ധത ഉയർത്തിപ്പിടിക്കുന്നത് തുടരുന്നു.

സുസ്ഥിരമായ സമ്പ്രദായങ്ങളും, ഉപജീവനമാർഗങ്ങളും ശാക്തീകരിക്കൽ, കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയെ നയിക്കൽ എന്നിവയിൽ കൈവരിച്ച മുന്നേറ്റങ്ങളും പങ്കുവെക്കുന്നതിൽ കേരാഫെഡ് അഭിമാനിക്കുന്നു.



# Vision

- സംസ്ഥാനത്തെ നാളികേര കർഷകരെ സഹകരണ കുടക്കീഴിൽ കൊണ്ടുവന്ന് അവരെ പിന്തുണയ്ക്കുക.
- മിതമായ വിലയിൽ ഉയർന്ന ഗുണമേന്മയുള്ള ആരോഗ്യമുള്ള വെളിച്ചെണ്ണയുടെ നിർമ്മാണവും വിപണനവും.
- നാളികേരത്തിൽ മൂല്യവർദ്ധനവ് വികസിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
- കേന്ദ്രസംസ്ഥാന സർക്കാരുകളുടെ സംയോജിത നാളികേര വികസന പദ്ധതികൾ നടപ്പിലാക്കുക.
- നാളികേരത്തിന്റെ ഉൽപാദനത്തിൽ പ്രചോദനം നൽകുക.
- കേരകർഷകർക്ക് ആദായകരമായ വില ഉറപ്പാക്കാൻ വിപണിയിലെ ഇടപെടൽ.
- ഭക്ഷ്യ എണ്ണ ഇറക്കുമതി കുറയ്ക്കുക




ISO 9001:2015, HACCP 22000:2005 സർട്ടിഫൈഡ് ഓർഗനൈസേഷൻ ആയ കേരഫെഡ് നാളികേരത്തിന്റെ നിരവധി മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാതാക്കളാണ്. അതിൽ മുൻനിരയിൽ നിൽക്കുന്നതാണ് കേര ഡബിൾ ഫിൽട്ടേർഡ് വെളിച്ചെണ്ണ. കേരളത്തിലെ ഭക്ഷ്യ എണ്ണ വ്യവസായത്തിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന കേരഫെഡ് കേര ശുദ്ധമായ വെളിച്ചെണ്ണയുടെ പര്യായമാണ്. കഴിഞ്ഞ നാലു വർഷത്തിനിടയിൽ നിരവധി നാഴികക്കല്ലുകൾ താണ്ടിയ കേരഫെഡ് 300 കോടി വാർഷിക വിറ്റു വരവ് എന്ന നേട്ടവും കൈവരിച്ചു കഴിഞ്ഞു. നിരവധി വൈവിധ്യവൽക്കരണ പദ്ധതികൾ നടപ്പിലാക്കിയ കേരഫെഡ് ഡെസിക്കേറ്റഡ് കോക്കനട്ട്, കോക്കനട്ട് മിൽക്ക് പൗഡർ, കേര ബേബി കെയർ ഓയിൽ തുടങ്ങിയ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ പുറത്തിറക്കുകയും ചെയ്തിട്ടുണ്ട്. കേരഫെഡ് വെളിച്ചെണ്ണയും ആയുർവേദ ചേരുവകളും ചേർത്ത് തയ്യാറാക്കുന്ന കേരജം കേശാമൃത് ഹെർബൽ ഹെയർ ഓയിൽ വളരെയധികം പ്രചാരം നേടിയിട്ടുള്ള ഒരു ഉൽപ്പന്നമാണ്

# കേരഫെഡ് ഉൽപ്പന്നങ്ങൾ

# ഭരണ റിപ്പോർട്ട്

മാന്യ സഹകാരികളേ,

കേരള കേരകർഷക സഹകരണ ഫെഡറേഷൻ ക്ലിപ്തം നം .4370 (കേരാഫെഡ്)ന്റെ ഇരുപത്തി ഏഴാമത് വാർഷിക പൊതുയോഗത്തിലേക്ക് എല്ലാ മാന്യ അംഗസംഘ പ്രതിനിധികളേയും ഭരണസമിതിക്കുവേണ്ടി ഹാർദ്ദമായി സ്വാഗതം ചെയ്തുകൊള്ളുന്നു

2023-24 വർഷത്തെ ഭരണ റിപ്പോർട്ട്, വിശദമായ കണക്കുകൾ (ഓഡിറ്റിന് വിധേയം). 2025-26 വർഷത്തെ ബഡ്ജറ്റ്, മുതലായവ ബഹുമാനപ്പെട്ട പൊതുയോഗത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നു .

## ലക്ഷ്യം

1987-ൽ കേരള സർക്കാർ സ്ഥാപിച്ച കേരള കേരകർഷക സഹകരണ ഫെഡറേഷൻ ക്ലിപ്തം നം. 4370 (കേരാഫെഡ്) എന്ന സ്ഥാപനം കേരളത്തിലെ നാളികേര കർഷക സഹകരണസംഘങ്ങളുടെ അപ്പെക്സ് ഫെഡറേഷനാണ്. ഉൽപ്പാദനക്ഷമതയും, മൂല്യവർദ്ധനവും വഴി കർഷകരുടെ വരുമാന അടിത്തറ വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ എല്ലാ സേവനങ്ങളും നൽകി നാളികേര കർഷകരെ ഒരുമിപ്പിക്കുക എന്നതാണ് കേരാഫെഡിന്റെ പ്രധാന ലക്ഷ്യം.

## ഭരണസമിതി

ശ്രീ. വി. ചാമുണ്ണി, ചെയർമാനായും ശ്രീ. കെ. ശ്രീധരൻ വൈസ് ചെയർമാനായും,
ശ്രീ. സാജു കെ. സുരേന്ദ്രൻ IES മാനേജിങ് ഡയറക്ടറായും ഉള്ള 17 അംഗ ഭരണസമിതിയാണ് റിപ്പോർട്ട് വർഷം കേരാഫെഡിന്റെ ഭരണ നിർവഹണം നടത്തിയത് .

### അംഗങ്ങളും ഓഹരി മൂലധനവും

| ക്രമ. നം | വിശദാംശങ്ങൾ | അംഗസംഘങ്ങളുടെ എണ്ണം | തുക |
|---|---|---|---|
| 1 | പ്രാഥമിക കാർഷിക സംഘങ്ങൾ | 903 | 11500000 |
| 2 | പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ | 25 | 125000 |
| 3 | പ്രാഥമിക മാർക്കറ്റിംഗ് സംഘങ്ങൾ | 4 | 20000 |
| 4 | കേരള സംസ്ഥാന സഹകരണ ബാങ്ക് | 1 | 5000 |
| 5 | കേരള സംസ്ഥാന കാർഷിക ഗ്രാമവികസന ബാങ്ക് | 1 | 525000 |
| 6 | കേരള സർക്കാർ | 1 | 534380000 |
| | ആകെ | **935** | **546555000** |

## ഭരണനിർവ്വഹണവും സ്റ്റാഫും

സംസ്ഥാനത്തെ നാളികേര കർഷകർക്ക് മിനിമം താങ്ങുവില ഉറപ്പുവരുത്തുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട പ്രൈമറി അഗ്രികൾച്ചറൽ കോഓപ്പറേറ്റീവ് സൊസൈറ്റികൾ, കോക്കനട്ട് പ്രൊഡ്യൂസേഴ്സ് ഫെഡറേഷൻ, NAFED, VFPCK വിപണികൾ എന്നിവ മുഖേന പച്ചത്തേങ്ങ സംഭരിക്കുന്ന സംവിധാനം കേരള സർക്കാർ നടപ്പിലാക്കുകയും ഈ പദ്ധതി നടപ്പിലാക്കുന്നതിനായുള്ള നോഡൽ ഏജൻസിയായി കേരാഫെഡിനെ ചുമതലപ്പെടുത്തുകയും ചെയ്തു. സഹകരണനിയമപ്രകാരം കൃഷി വകുപ്പിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേരാഫെഡ്, ബഹു. കൃഷിവകുപ്പ് മന്ത്രി ശ്രീ.പി.പ്രസാദ്, അഗ്രികൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർ & പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ബി.അശോക് ഐ.എ.എസ്, എന്നിവരുടെ നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്.

ശ്രീ. വി. ചാമുണ്ണി സ്ഥാപനത്തിന്റെ ചെയർമാനായും, ശ്രീ. സാജു കെ. സുരേന്ദ്രൻ ഐ.ഇ.എസ് സ്ഥാപനത്തിന്റെ മാനേജിംഗ് ഡയറക്ടറായും പ്രവർത്തിക്കുന്നു. കൃഷി വകുപ്പ് ഡയറക്ടർ സ്ഥാപനത്തിന്റെ Functional Registrar ആയി പ്രവർത്തിക്കുന്നു. സീനിയർ ഫിനാൻസ് ഓഫീസർ, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നിവർ സെക്രട്ടേറിയറ്റിൽ നിന്നും ഡെപ്യൂട്ടേഷനിലുള്ള ഡെപ്യൂട്ടി സെക്രട്ടറിമാരുമാണ്. അഡ്മിനിസ്ട്രേഷൻ, ഫിനാൻസ്, എക്സ്റ്റെൻഷൻ & പ്രൊക്യൂർമെന്റ്, മാർക്കറ്റിംഗ്, പ്രൊജക്റ്റ്, MIS എന്നിവയാണ് ഹെഡാഫീസിലെ പ്രധാന സെക്ഷനുകൾ. കേരാഫെഡിന്റെ നവീകരിച്ച വെബ്സൈറ്റ് പ്രവർത്തനസജ്ജമായിട്ടുണ്ട്.

കേരാഫെഡിൽ ഹെഡാഫീസ് ഉൾപ്പെടെയുള്ള എല്ലാ ഓഫീസുകളിലും e-office ഫയൽ പ്രോസ്സസ്സിംഗ് സംവിധാനം ഫലപ്രദമായി നടപ്പിലാക്കിയിട്ടുണ്ട്. ജീവനക്കാരുടെ ശമ്പളം പഞ്ചിംഗിന്റെ അടിസ്ഥാനത്തിലാണ് നൽകുന്നത്. കേരാഫെഡിന്റെ ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ്/കാഷ്യർ, അസിസ്റ്റന്റ് മാനേജർ (എക്സ്റ്റെൻഷൻ & പ്രൊക്യൂർമെന്റ്) എന്നീ തസ്തികയിലെ നിയമനങ്ങൾക്കുള്ള നടപടികൾ ത്വരിത ഗതിയിൽ നടന്നുവരുന്നു. പുതിയതായി നിയമനം ലഭിക്കുന്നവർക്കും, നിലവിലെ ജീവനക്കാർക്കും ട്രെയിനിംഗ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## പ്ലാന്റുകളും പ്രവർത്തനങ്ങളും

കേരാഫെഡിന്റെ പ്രധാന ഉൽപ്പന്നമായ വെളിച്ചെണ്ണയും, മറ്റ് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ ഡെസിക്കേറ്റഡ് കോക്കനട്ട്, കോക്കനട്ട് മിൽക് പൌഡർ, കേരജം കേശാമൃത് ഹെർബൽ ഓയിൽ എന്നിവയും ഉൽപ്പാദിപ്പിക്കുന്നത് കേരാഫെഡിന്റെ കൊല്ലം കരുനാഗപ്പള്ളിയിലും, കോഴിക്കോട് നടുവണ്ണൂരുമുള്ള രണ്ട് ഫാക്ടറികളിലായാണ്. പ്ലാന്റ് മാനേജർമാരാണ് പ്ലാന്റിലെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത്. സൗത്ത്, സെൻട്രൽ, നോർത്ത് എന്നീ റീജിയണൽ ഓഫീസുകളും, ആനയറ, കൊല്ലം, മരട്, തൃശ്ശൂർ എന്നീ സ്റ്റോക്ക് പോയിന്റുകളും, കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിൽ ഓരോ ജില്ലാ ഓഫീസും, ഡൽഹിയിൽ ഒരു ബ്രാഞ്ച് ഓഫീസും ഉണ്ട്. ആകെ 316 ജീവനക്കാരാണ് കേരാഫെഡിൽ പ്രവർത്തിക്കുന്നത്.

## വിവരാവകാശനിയമം 2005

കേരാഫെഡിന്റെ നവീകരിച്ച വെബ്സൈറ്റിൽ RTI പോർട്ടൽ ഉൾപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. RTI Act 2005 പ്രകാരം സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറും, മാനേജിംഗ് ഡയറക്ടർ അപ്പലേറ്റ് അതോറിറ്റിയുമാണ്. 2023-24 വർഷത്തിൽ 29 വിവരാവകാശ അപേക്ഷകൾ ലഭിക്കുകയും, ആയതിനെല്ലാം മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. വിവാരാവകാശ അപേക്ഷയുടെ ഫീസിനത്തിൽ ആകെ 1287/- രൂപ ലഭിച്ചിട്ടുണ്ട്. നാല് അപ്പീൽ അപേക്ഷയും ഇക്കാലയളവിൽ ലഭിച്ചിട്ടുണ്ട്.

## തൊഴിലിടങ്ങളിലെ സ്ത്രീസുരക്ഷ

തൊഴിലിടങ്ങളിൽ സ്ത്രീകർക്കെതിരെയുള്ള ലൈംഗികാതിക്രമം തടയുന്നതിനുള്ള Posh Act 2013 പ്രകാരം ഹെഡാഫീസിലും മറ്റ് ഓഫീസുകളിലും 'ഇന്റേണൽ കംപ്ലെയിന്റ്സ് കമ്മിറ്റി' രൂപീകരിച്ചിട്ടുണ്ട്.

### സംഗ്രഹം

കേരാഫെഡിനെ ലാഭത്തിലെത്തിക്കാൻ ജീവനക്കാർ വഹിക്കുന്ന നിസ്തുലമായ പരിശ്രമം എടുത്തുപറയേണ്ടതാണ്. സഹകരണം, നവീകരണം, ആധുനികവൽക്കരണം, വൈവിദ്ധ്യവൽക്കരണം എന്നിവയിലൂടെ കൂടുതൽ നേട്ടങ്ങൾ കൈവരിക്കാൻ എല്ലാ ജീവനക്കാരും ഭരണസമിതി അംഗങ്ങളും ഒറ്റക്കെട്ടായി കഠിനപരിശ്രമം നടത്തിവരുന്നു.

## സംഭരണം (മെട്രിക് ടൺ കണക്കിൽ)

2023-24 സാമ്പത്തിക വർഷത്തിൽ സർക്കാരിന്റെ താങ്ങുവിലയായി കിലോയ്ക്ക് 34 രൂപ കർഷകർക്ക് നേരിട്ട് നൽകി കാസറഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട്, തൃശൂർ എന്നീ ജില്ലകളിലെ സർക്കാർ അനുവദിച്ചിട്ടുള്ള സംഭരണകേന്ദ്രങ്ങളിൽ നിന്നും, കേരാഫെഡ് നേരിട്ടും സംഭരിച്ച പച്ചത്തേങ്ങയുടെ അളവ് ചുവടെ ചേർക്കുന്നു.

| കളക്ഷൻ സെന്ററുകളുടെ എണ്ണം | കർഷകരുടെ എണ്ണം | സംഭരിച്ച പച്ചത്തേങ്ങയുടെ അളവ് | കർഷകർക്ക് നൽകിയ തുക |
|---|---|---|---|
| 124 | 42,532 | 18,873 | 64 Cr |

വ്യാപാര ആവശ്യത്തിനായി ദിവസേനയുള്ള ഇ-മെയിൽ ടെൻഡർ മുഖേനയും പച്ചത്തേങ്ങ സംഭരണം മുഖേനയും സംഭരിച്ച കൊപ്രയുടെ അളവ് ചുവടെ ചേർക്കുന്നു .

| Unit | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 |
|---|---|---|---|---|---|
| KOCK | 16985 | 15253 | 14016 | 15518 | 14699 |
| KCCN | 5479 | 7349 | 6363 | 6002 | 7094 |
| **TOTAL** | **22464** | **22603** | **20379** | **21520** | **21793** |

## സംസ്ക്കരണം (മെട്രിക് ടൺ കണക്കിൽ)

2023-24 സാമ്പത്തിക വർഷം 21849 മെട്രിക് ടൺ കൊപ്ര ആട്ടി ഇരു ഫാക്ടറികളിൽ നിന്നും വെളിച്ചെണ്ണ ഉല്പാദിപ്പിച്ചിട്ടുണ്ട്.

| Unit | ആട്ടിയ കൊപ്ര | ഉത്പാദിപ്പിച്ച വെളിച്ചെണ്ണ |
|---|---|---|
| | **2023-24** | **2023-24** |
| KOCK | 15207 | 9592 |
| KCCN | 6642 | 4239 |
| **TOTAL** | **21849** | **13831** |

## വിപണനം

